(ബി) കേരളത്തിലെ ഇപ്പോൾ പ്രവർത്തിക്കുന്ന വിദേശമദ്യ ബ്ലണ്ടിംഗ് യൂണിറ്റുകൾ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും എത്രയെണ്ണം വീതമുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഗവൺമെന്റ് നിയന്ത്രണത്തിൽ കൂടുതൽ വിദേശമദ്യ ബ്ലണ്ടിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതു ജില്ലിയിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കേരളത്തിൽ ഇപ്പോൾ പൊതുമേഖലയിൽ ബ്ലണ്ടിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. സ്വകാര്യമേഖലയിൽ ഇപ്പോൾ 8 ബ്ലണ്ടിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു.

തിരുവനന്തപുരം	1
തൃശ്ശൂർ	2
പാലക്കാട്	4
കണ്ണൂർ	1

(സി&ഡി) ഇക്കാര്യത്തിൽ ഇപ്പോൾ നിർദ്ദേശം ഒന്നും സർക്കാരിന്റെ പരിഗണനയിലില്ല.

അന്യ സംസ്ഥാനങ്ങളിലെ ഡിസ്റ്റിലറികളിൽ നിന്നുള്ള നികുതി വരുമാനം

35 (1830) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡിസ്റ്റിലറികൾ പ്രവർത്തിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഈ ഡിസ്റ്റിലറികൾ ഉൽപാദിപ്പിക്കുന്ന മദ്യം കെ. എസ്. ബി. സി. വാങ്ങുമ്പോൾ ഇവർ നൽകേണ്ടി വരുന്ന നികുതികൾ ഏതെല്ലാമാണ്. സെയിൽസ് ടാക്സ് എക്സൈസ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് ലഭിക്കുന്ന മൊത്തം നികുതിയെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്യസംസ്ഥാനങ്ങളിലെ ഡിസ്റ്റിലറികളിൽ നിന്ന് കൊണ്ടു വരുന്ന മദ്യത്തിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നികുതികൾ ഏതൊക്കെയാണ് ; ഇംപോർട്ട് ഡ്യൂട്ടി, എക്സൈസ് ഡ്യൂട്ടി എന്നീ ഇനങ്ങളിൽ ഈ കമ്പനികൾ സർക്കാരിലേക്ക് അടയ്ക്കേണ്ട നികുതിയെത്ര ;

(ഡി) അന്യ സംസ്ഥാനങ്ങളിലെ ഡിസ്റ്റിലറികളിൽ ഉൽപ്പാദിപ്പിക്കുന്ന മദ്യത്തിന്റെ ഇംപോർട്ട് ഡ്യൂട്ടി, എക്സൈസ് ഡ്യൂട്ടി എന്നിവയിൽ ഏതെങ്കിലും മാറ്റം ഇപ്പോൾ വരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഇ) പൊതുമേഖല ഡിസ്റ്റിലറികളായ ചിറ്റൂർ ഷുഗർമിൽ, തിരുവല്ലാ ഷുഗർ മിൽ, അനുബന്ധ ഡിസ്റ്റിലറികൾ എന്നിവ പാട്ടത്തിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് സർക്കാർ എടുത്ത തീരുമാനം വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ എട്ട് ഡിസ്റ്റിലറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ ഡിസ്റ്റിലറികൾ ഉൽപ്പാദിപ്പിക്കുന്ന മദ്യം കെ. എസ്. ബി. സി. വാങ്ങുമ്പോൾ എക്സൈസ് ഡ്യൂട്ടി, വിൽപ്പന നികുതി, സർചാർജ്, വിറ്റുവരവ് നികുതി, വെൺഡിംഗ് ഫീസ് എന്നിവയാണ് നൽകേണ്ടത്. 2002-2003 സാമ്പത്തിക വർഷം ഈടാക്കിയ നികുതികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

എക്സൈസ് ഡ്യൂട്ടി	307,77,28,787 രൂപ
സെയിൽസ്ടാക്സ്	862,46,01,363. 75 രൂപ

(സി) എക്സൈസ് ഡ്യൂട്ടി, വിൽപ്പന നികുതി, സർചാർജ്, വിറ്റുവരവ് നികുതി, വെൺഡിംഗ് ഫീസ്, ഇംപോർട്ട് ഫീസ് എന്നിവയാണ്. അന്യ സംസ്ഥാനങ്ങളിലെ ഡിസ്റ്റിലറികളിൽ നിന്നും കൊണ്ടുവരുന്ന മദ്യത്തിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയ നികുതികൾ കൂടാതെ ഫ്രൂഫ് ലിറ്റർ ഒന്നിന് അഞ്ചു രൂപ വെച്ച് ഇംപോർട്ട് ഡ്യൂട്ടിയും 100% എക്സൈസ് ഡ്യൂട്ടിയും അടയ്ക്കേണ്ടതാണ്.

(ഡി) മാറ്റം ഒന്നും വരുത്തിയിട്ടില്ല.

(ഇ) ഇല്ല.

ഹോളോഗ്രാം പതിച്ച ഒഴിഞ്ഞ കുപ്പികളിൽ വീണ്ടും സെക്കന്റ്സ് മദ്യം നിറച്ച് വിൽക്കുന്നതിന് പരിഹാരം കാണാൻ നടപടി

36 (1831) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോളോഗ്രാം പതിച്ച ഒഴിഞ്ഞ കുപ്പികളിൽ വീണ്ടും സെക്കന്റ്സ് മദ്യം നിറച്ച് വിൽക്കാൻ സാധ്യതയുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly